LIBRARY ARCHIVES Kerala Legislative Assembly

അങ്കണവാടി വർക്കർ ക്ഷേമനിധി

262 (4306) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കണവാടി വർക്കർ ക്ഷേമനിധി രൂപീകരിക്കുന്നതിന് ഔദ്യോഗിക തലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് കരട് ബിൽ തയ്യാറാക്കി മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെ അനന്തര നടപടികൾക്കായി ഫയൽ നിയമ വകുപ്പിന് നൽകിയിരിക്കുകയാണ്.

ഓർഫനേജ് കൺട്രോൾ ബോർഡ്

263 (4307) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓർഫനേജ് കൺട്രോൾ ബോർഡിൽ എത്ര ജീവനക്കാരാണ് ഉള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഇവരുടെ ശമ്പളം എപ്രകാരമാണ് നൽകുന്നത് ; നിലവിൽ ജീവനക്കാർക്ക് ശമ്പള കുടിശ്ശിക ഉണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) ജീവനക്കാർക്ക് 2015-16 കാലയളവിലെ ശമ്പളം നൽകുന്നതിനായി മുഴുവൻ തുകയും വക കൊള്ളിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഓർഫനേജ് കൺട്രോൾ ബോർഡിൽ നിലവിലുള്ള ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു :

1	മെമ്പർ സെക്രട്ടറി	1
2	പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 2	1

3	എൽ.ഡി. ക്ലാർക്ക്	2
4	ഡി.റ്റി.പി. ഓപ്പറേറ്റർ	1
5	ഓഫീസ് അറ്റൻഡന്റ്	1
6	കാഷ്വൽ സ്വീപ്പർ	1
7	കൗൺസിലർമാർ	40

(ബി) ഓർഫനേജ് കൺട്രോൾ ബോർഡ് ജീവനക്കാർക്കും ബോർഡ് അംഗങ്ങൾക്കും കൗൺസിലർമാർക്കും ശമ്പളവും, ഒണറേറിയവും നൽകുന്നതിനുള്ള തുക വകയിരുത്തുന്നത് 2235-02-104-89(NP) 31 ഗ്രാന്റ് ഇൻ എയ്ഡ് ജനറൽ സാലറി ശീർഷകത്തിലാണ്. ടി ശീർഷകത്തിൽനിന്നും സർക്കാർ ഉത്തരവിലൂടെ റിലീസ് ചെയ്യുന്ന തുക സാമൂഹ്യനീതി ഡയറക്ടർ ഓർഫനേജ് കൺട്രോൾ ബോർഡ് ചെയർമാന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിൽ ജില്ലാ ട്രഷറിയിൽ നിലവിലുള്ള പി.ഡി. അക്കൗണ്ടിൽ (നമ്പർ 2283/1) നിക്ഷേപിക്കുന്നു. പി.ഡി. അക്കൗണ്ടിൽ നിന്നും ചെക്ക് മുഖേനയാണ് ജീവനക്കാർക്കും കൗൺസിലർമാർക്കും ശമ്പളവും ഓണറേറിയവും നൽകുന്നത്. നിലവിൽ ജീവനക്കാർക്ക് ശമ്പള കുടിശ്ശിക നൽകാനുണ്ട്.

(സി) ഇല്ല.

ജെൻഡർ പാർക്കുകൾ

264 (4308) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ എവിടെയെല്ലാമാണ് ജെൻഡർ പാർക്കുകൾ സ്ഥാപിച്ചിട്ടുള്ളത് ; എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പാർക്കുകൾ മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത് വിശദമാക്കുമോ ;

ഉത്തരം

സാമൂഹ്യനീതിവകുപ്പിന്റെകീഴിലുള്ള ജെൻഡർ പാർക്കിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ കോഴിക്കോട് വെള്ളിമാട് കുന്നിൽ 2015 ഏപ്രിൽ 15-ന് ആരംഭിക്കുകയുണ്ടായി. തുടർന്ന് എറണാകുളത്തും തിരുവനന്തപുരത്തും ജെൻഡർ

LIBRARY ARCHIVES Kerala Legislative Assembly